പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1332

08.02.2013 ൽ - മറുപടിക്ക്

കമ്പ്യൂട്ടർവത്ക്കൃത റേഷൻ വിതരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.എ. വാഹീദ്<br>,, എ.പി. അബ്ദുള്ളക്കുട്ടി<br>,, പാലോട് രവി<br>,, ഹൈബി ഈഡൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ റേഷൻ വിതരണം പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;വിശദമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാനത്തെ എഫ്.സി.ഐ. മുതൽ എ. ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ചുവടെപ്പറയുന്ന 4 ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്.<br>1. ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക<br>2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക<br>3. യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻസാധനങ്ങൾ കൃത്യമായ അളവിൽ റേഷൻ കടകളിലൂടെ നൽകുന്നതിനുള്ള സംവിധാനം തയ്യാറാക്കുക<br>4. സുതാര്യമായ പരാതി/പരിഹാര സംവിധാനം ഒരുക്കുക<br>ഇതുമായി ബന്ധപ്പെട്ട നടപടികൾ കൈക്കൊണ്ടുവരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; | (ബി) | പൊതുവിതരണ രംഗത്തെ സമ്പൂർണ്ണ **(end-to-end)** കമ്പ്യൂട്ടർവൽക്കരണത്തിലൂടെ, അഴിമതി, റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, ദുരുപയോഗം എന്നിവ പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കും. |
| (സി) | പദ്ധതി നടപ്പാക്കുന്നതു വഴി നിലവിലുള്ള റേഷൻ വിതരണത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) & (ഡി) | സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; | | |
| (ഇ) | എന്തെല്ലാം കേന്ദ്രധനസഹായമാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ? | (ഇ) | കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട മാനദണ്ഡ പ്രകാരമുള്ള തുകയുടെ 50% കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാക്കുകയും, സംസ്ഥാനത്തിന് അധികമായി ആവശ്യം വരുന്ന ചെലവുകൾ സംസ്ഥാനം തന്നെ വഹിക്കുകയും ചെയ്യേണ്ടതാണ്. |

സെക്ഷൻ ഓഫീസർ